"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളായ ഡോ.ആർ.ശിവരാമകൃഷ്ണൻ ഫയൽ ചെയ്ത OA 1782/2024- ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 22.11.2024- ൽ പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.212/2025/H&FWD    തീയതി,തിരുവനന്തപുരം, 27-01-2025

---

പരാമർശം:-

1. സ.ഉ.(പി).നം.3/2017/ഉ.ഭ.പ.വ തീയതി 25/02/2017
2. സ.ഉ.(പി).നം.16/2024/ആ.കു.വ തീയതി 24/02/2024
3. സ.ഉ.(സാധാ) .നം.1310/2024/ആ.കു.വ തീയതി 31/05/2024.
4. സ.ഉ.(സാധാ) .നം.1314/2024/ആ.കു.വ തീയതി 01/06/2024.
5. ഡോ.ശിവരാമകൃഷ്ണൻ ആർ. ന്റെ 12-11-2024 ലെ നിവേദനം
6. OA 1782/2024 - ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 22/11/2024 - ൽ പുറപ്പെടുവിച്ച ഉത്തരവ്.
7. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 11/12/2024, 02/01/2025 തീയതികളിലെ എഫ്4-3159/2021/ മെ.വി.വ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ റേഡിയോതെറാപ്പി വിഭാഗം പ്രൊഫസറായിരുന്ന ഡോ.ആർ.ശിവരാമകൃഷ്ണന് പരാമർശം (3) ഉത്തരവ് പ്രകാരം പ്രിൻസിപ്പാളായി സ്ഥാനക്കയറ്റം നൽകി കാസറഗോഡ് സർക്കാർ മെഡിക്കൽ കോളേജിലെ ഒഴിവിൽ നിയമനം നൽകിയിരുന്നു. എന്നാൽ ഡോ.ആർ.ശിവരാമകൃഷ്ണൻ, വ്യക്തിപരവും ശാരീരികവുമായ കാരണങ്ങളാൽ ടിയാനെ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലെ ജോയിന്റ് മെഡിക്കൽ ഡയറക്ടർ (മെഡിക്കൽ) തസ്തികയിലേക്കോ അല്ലെങ്കിൽ കൊല്ലം / കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പാൾ തസ്തികയിലേക്കോ സ്ഥലമാറ്റം നൽകണമെന്ന് പരാമർശം (5) പ്രകാരം അപേക്ഷിച്ചിരുന്നു. അതല്ലെങ്കിൽ 2025 ഏപ്രിൽ / മെയ് മാസങ്ങളിൽ തിരു.മെഡിക്കൽ കോളേജിലോ, ATELC (Apex Trauma & Emergency Learning Centre) - ലോ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് പരിഗണിക്കണമെന്നും ടി അപേക്ഷയിൽ അഭ്യർത്ഥിച്ചിരുന്നു.

2. കൂടാതെ ഇതേ ആവശ്യത്തിൽ ഡോ.ആർ.ശിവരാമകൃഷ്ണൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1782/2024 നമ്പർ കേസിൽ ബഹു. ട്രൈബ്യൂണൽ പരാമർശം (6) പ്രകാരം ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശം നല്കുകയുണ്ടായി.

*"Considering the averments in the application and the facts and circumstances of the case, the 1st respondent is directed to consider and pass orders on Annexure A12(a) Review Petition, after affording an opportunity for personal hearing to the applicant, within a period of 2 months from the date of receipt of a copy of this order."*

3. ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡോ.ആർ.ശിവരാമകൃഷ്ണനെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 03/01/2025-ൽ നേരിൽ കേൾക്കുകയുണ്ടായി. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും ഹിയറിംഗിൽ ഹാജരായിരുന്നു.

4. പ്രിൻസിപ്പാൾ തസ്തികയിലേക്ക് പരാമർശം (3) പ്രകാരം സ്ഥാനക്കയറ്റം നൽകി നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ 19.06.2024 മുതൽ കാസർഗോഡ് മെഡിക്കൽ കോളേജിൽ പ്രിൻസിപ്പാളായി സേവനമനുഷ്ഠിച്ചുവരുന്ന തന്റെ ഹോം സ്റ്റേഷൻ തിരുവനന്തപുരം ആണെന്നും 08.03.1996-ൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച തനിക്ക് 19.06.2024 വരെ 11 വർഷത്തിലധികം outstation സർവ്വീസ് നിലവിലുള്ളതായും ഹിയറിംഗ് വേളയിൽ ടിയാൻ ബോധിപ്പിക്കുകയുണ്ടായി. കൂടാതെ ടിയാന് പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച സമയത്ത്, പരാമർശം (2) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള, പ്രിൻസിപ്പാൾ നിയമനത്തിനർഹമായവരുടെ സെലക്ട് ലിസ്റ്റിൽ സീനിയർ മോസ്റ്റ് ആയിരുന്നു എന്നും വിരമിക്കുന്നതിന് 2 1/2 വർഷം മാത്രം ശേഷിക്കെ, വിരമിക്കുന്നതിന് 4 ഉം 5 ഉം വർഷം സർവ്വീസ് ഉള്ള ഉദ്യോഗസ്ഥരെ അവരുടെ ഹോം സ്റ്റേഷൻ / ഹോം സ്റ്റേഷന് അടുത്തുള്ള ജില്ലകളിൽ നിയമനം നൽകുകയും സീനിയർ മോസ്റ്റ് ആയ ടിയാന് ഏറ്റവും അകലെയുള്ള ജില്ലയിൽ നിയമനം നൽകുകയാണുണ്ടായതെന്നും, പ്രൊമോഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപുതന്നെ ടിയാൻ ഒഴിവുണ്ടായിരുന്ന JDME / Special Officer / ATELC / Principal Kollam, Principal Kottayam തസ്തികയിലേതെങ്കിലുമൊന്നിൽ നിയമനം നൽകണമെന്ന് അപേക്ഷ സമർപ്പിച്ചിരുന്നതാണെന്നും, നിലവിൽ മേൽ തസ്തികകളിൽ നിയമിച്ചിരിക്കുന്ന ഡോക്ടർമാർ എല്ലാം തന്നെ ടിയാനെക്കാൾ ജൂനിയർ ആയിട്ടുള്ളവരും out station സർവ്വീസ് കുറവുള്ളവരുമാണെന്നും ടിയാൻ ഹിയറിംഗ് വേളയിൽ ടിയാൻ അറിയിക്കുകയുണ്ടായി. കൂടാതെ 91 ഉം 87ഉം വയസ്സുള്ള മാതാപിതാക്കൾ ഏകമകനായ ടിയാന്റെ സംരക്ഷണത്തിലാണെന്നും, ഭാര്യക്ക് Lumbar disc prolapse ഉള്ളതാണെന്നും ഭാര്യാമാതാവിന്റെ സംരക്ഷണ ചുമതലയും ഉണ്ടെന്നും കൂടാതെ sleep apnoea patient ആയതിനാൽ ഉറക്കസമയത്ത് C-cap machine ഉപയോഗിക്കുന്നതിനാൽ ദീർഘയാത്രകൾ ബുദ്ധിമുട്ടാണെന്നും ടിയാൻ ബോധിപ്പിക്കുകയുണ്ടായി .

5. പൊതു സ്ഥലംമാറ്റത്തിന്റെ മാനദണ്ഡം നിശ്ചയിച്ചുകൊണ്ടുള്ള പരാമർശം (1) ഉത്തരവിലെ 10-ാം നിർദ്ദേശപ്രകാരം കൂടുതൽ out station സർവ്വീസുള്ള ഉദ്യോഗസ്ഥന് മുൻഗണന നൽകേണ്ടതാണെന്നിരിക്കെ ടിയാന് ഏറ്റവും ദൂരത്തുള്ള കാസർഗോഡ് മെഡിക്കൽ കോളേജിലേക്കാണ് നിയമനം നൽകിയതെന്നും, ആകയാൽ OA No.1782/2024 നം കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (6) ഉത്തരവ് പരിഗണിച്ച് JDME, കൊല്ലം മെഡിക്കൽ കോളേജ്, കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ തസ്തികകളിൽ

ഏതെങ്കിലുമൊന്നിൽ നിയമനം നൽകുകയോ അതല്ലെങ്കിൽ ATELC, തിരു. മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ഏപ്രിൽ / മെയ് മാസങ്ങളിൽ വരുന്ന ഒഴിവിലേക്ക് പരിഗണിക്കുകയോ ചെയ്യണമെന്നും ടിയാൻ ആവശ്യപ്പെടുകയുണ്ടായി.

6. OA 1782/2024 -ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (6) ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനായ ഡോ.ആർ.ശിവരാമകൃഷ്ണന്റെ നിവേദനം (Annexure A12(a)) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും, നേരിൽകേട്ട വേളയിൽ ടിയാൻ ഉന്നയിച്ച വാദഗതികളുടെയും, നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി .

7. സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റ നിയമനത്തിനുള്ള മാനദണ്ഡങ്ങൾ / സീനിയോറിറ്റി / out station സർവ്വീസ് എന്നിവ സ്ഥാനക്കയറ്റം ലഭിച്ച് നിയമനം ലഭിക്കുന്നവർക്ക് ബാധകമല്ലാത്തതും, പ്രിൻസിപ്പാൾ തസ്തികയിൽ അതത് സ്ഥാപനത്തിനനുയോജ്യനായ വ്യക്തിയെ നിയമിക്കുക എന്നത് സർക്കാരിന്റെ നയപരമായ തീരുമാനവുമാണ്. കൂടാതെ പരാമർശം (3) ഉത്തരവ് പ്രകാരം നിയമിതരായവർ വിവിധ മെഡിക്കൽ കോളേജുകളിലും മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലെ തസ്തികകളിലും ജോലി ചെയ്തു വരുന്നതിനാലും, ഒപ്പം കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുന്നതിന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്ന സാഹചര്യത്തിലും പ്രസ്തുത മെഡിക്കൽ കോളേജിന്റെ പ്രിൻസിപ്പാളായ ടിയാന്റെ സ്ഥലംമാറ്റ ആവശ്യം നിലവിൽ പരിഗണിക്കാൻ കഴിയാത്തതിനാൽ, ഡോ.ആർ.ശിവരാമകൃഷ്ണന്റെ പരാമർശം (5) നിവേദനത്തിലെ ആവശ്യം നിരസിച്ച് സർക്കാർ ഉത്തരവാകുന്നു.

8. OA 1782/2024-ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 22.11.2024-ൽ പുറപ്പെടുവിച്ച ഉത്തരവ് അപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SALINI O G
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ ) ,കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കാസർഗോഡ്
ഡോ.ആർ,ശിവരാമകൃഷ്ണൻ., പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കാസർഗോഡ് .
വെബ് & my മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എസ് 1/ 207/2024/ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by
T Muraleedharan Chettiyar
Date: 27-01-2025 11:44:30